# സുവർണ രേഖ

## അക്കാദമിക
## മാസ്റ്റർ പ്ലാൻ

2025-26



അക്കാദമിക

# മാസ്റ്റർ പ്ലാൻ

ജി എൽ പി സ്കൂൾ രാമൻകുളം

# പ്രൊഫൈൽ

സ്കൂളിന്റെ പേര് : ജി എൽ പി സ്കൂൾ രാമൻകുളം

വിലാസം : കരുവമ്പ്രം വെസ്റ്റ് പി ഒ 676123

മുനിസിപ്പാലിറ്റി,വാർഡ് : മഞ്ചേരി, നമ്പർ 50

വില്ലേജ് : നറുകര

ബി ആർ സി : ജി യു പി എസ് മഞ്ചേരി

സബ്ജില്ല: മഞ്ചേരി

ജില്ല: മലപ്പുറം

സ്കൂൾ കോഡ് : 18553

യുഡയസ് കോഡ് : 32050600707

പ്രധാനാധ്യാപികയുടെ പേര്: അബ്ദുൾ ഗഫൂർ നീലിയൻ

ഫോൺ നമ്പർ : 04832765350

ഇ.മെയിൽ : glpsramankulam18553@gmail.com

# ആമുഖം

അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന മഞ്ചേരി പട്ടണത്തിൽ നിന്നും നാലുമൈൽ അകലെയായി മഞ്ചേരി കിഴിശ്ശേരി റോഡിൽ നഗരാതിർത്തിയിൽ തന്നെയുള്ള രാമൻകുളത്ത് ബഹളങ്ങളില്ലാതെ തികച്ചും ശാന്തസുന്ദരമായ അന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് രാമൻകുളം ജി എൽ പി സ്കൂൾ.

ഇന്ന് വളർച്ചയുടെ പടവുകളിലൂടെ അതിവേഗം മുന്നേറുന്ന രാമൻകുളം ജി എൽ പി സ്കൂൾ സ്ഥിതി ചെയ്യുന്ന രാമൻകുളം, മഞ്ചേരി നഗരസഭയുടെ പടിഞ്ഞാറെ അതിർത്തിയായി നിലകൊള്ളുന്നു. സ്വദേശിയും കൃഷിക്കാരനുമായ രാമൻ എന്ന കല്ലുവെട്ടുകാരൻ കല്ലുവെട്ടിയുണ്ടാക്കിയ സ്ഥലം കാലാന്തരത്തിൽ കുളമായി രൂപപ്പെടുകയും പ്രദേശവാസികൾ കുളിക്കാനും, കാലികളെ കുളിപ്പിക്കാനും ഉപയോഗിച്ചു വന്നു. കർഷകരായിരുന്ന മിക്ക പ്രദേശവാസികളും കാർഷിക ആവശ്യത്തിന് ഈ കുളത്തെ ആശ്രയിച്ചിരുന്നു. രാമൻകുളം എന്ന പേരിൽ ഈ പ്രദേശം പിന്നീട് അറിയപ്പെട്ടു.

1957 ൽ സ്ഥാപിതമാവുകയും നീണ്ട കാലം വാടക കെട്ടിടത്തിന്റെ പരിമിതികളിൽ കുടുങ്ങിക്കിടന്ന സ്കൂളിന് സുമനസ്സുകളുടെയും ,പി ടി എ യുടെയും ആത്മാർത്ഥമായ പരിശ്രമഫലമായി 2014 ൽ സ്വന്തം കെട്ടിടം യാഥാർത്ഥ്യമായി.വിദ്യാലയത്തിൽ വൈവിധ്യപ്രവർത്തനങ്ങൾ സംഘടിപ്പിച്ചുകൊണ്ട് ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നാം വിദ്യാലയവികസന പദ്ധതി തയ്യാറാക്കുന്നത്. ഭൗതിക സാഹചര്യം ഒരുക്കൽ ,അക്കാദമിക നിലവാരം ഉയർത്തൽ, സാമൂഹികപങ്കാളിത്തം ഉറപ്പാക്കൽ എന്നീ ഘടകങ്ങളെ ആശ്രയിച്ചാണ് വിദ്യാലയ വികസനം സാധ്യമാകുന്നത്. നമ്മുടെ വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങളെ വിലയിരുത്തിക്കൊണ്ട് വിദ്യാലയത്തിൽ പൂർത്തീകരിക്കേണ്ടുന്ന ഒരു വികസന പദ്ധതിയാണിത്.

തദ്ദേശഭരണകൂടം,SSA ,വിദ്യാഭ്യാസ വകുപ്പ്, സന്നദ്ധസംഘടനകൾ

പൂർവ്വവിദ്യാർഥികൾ,SMC,SEDC, ജനപ്രതിനിധികൾ എന്നിവയുടെ പരിപൂർണ്ണ പിന്തുണയും സഹായസഹകരണങ്ങളും വികസന പദ്ധതി പ്രാവർത്തികമാക്കാൻ ഉറപ്പാക്കേണ്ടതുണ്ട്.

# ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയത്തിന്റെ ലഘുചരിത്രം

4. വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

5. പദ്ധതി രുപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

6. നിലവിലെ അവസ്ഥാവിശകലനം

7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

8. പദ്ധതി വിശദാംശങ്ങൾ
(മേഖല,ഉപമേഖല,ലക്ഷ്യം,പ്രവർത്തനങ്ങൾ,കാലം,ചുമതല
സാമ്പത്തിക വിശകലനം)

9. പ്രതീക്ഷിത നേട്ടങ്ങൾ

10. മോണിറ്ററിംഗ്

11. ഉപസംഹാരം

# ചരിത്രം

വിദ്യാഭ്യാസപരമായി വളരെ പിന്നോക്കാവസ്ഥയിൽ നിന്നിരുന്ന രാമൻകുളത്ത് മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ അംഗീകാരത്തോടെ 1957 ൽ രാമൻകുളം ജി എൽ പി സ്കൂൾ സ്ഥാപിതമായി. ഏകാധ്യാപക വിദ്യാലയമായി തുടക്കം. ക്ലാസ് നടത്താൻ സൗകര്യം ചെയ്തുതന്നത് അന്നത്തെ മദ്രസാകമ്മറ്റിയായിരുന്നു. ആ മദ്രസാ കെട്ടിടത്തിലായിരുന്നു നീണ്ട 55 വർഷക്കാലം വിദ്യാലയം പ്രവർത്തിച്ചുവന്നത്.

പത്തപ്പിരിയത്ത് വിശ്രമജീവിതം നയിക്കുന്ന പള്ളിക്കര ഹസ്സൻ മാസ്റ്ററായിരുന്നു സ്ഥാപനത്തിലെ പ്രഥമ പ്രധാനാധ്യാപകൻ. ആദ്യ പ്രവേശനമെന്ന ബഹുമതിക്കർഹത നേടിയത് പുളിയഞ്ചീരി കുഞ്ഞുമുഹമ്മദ് എന്ന കുഞ്ഞു ഹാജിയായിരുന്നു. 1958 ൽ കുട്ടികളുടെ കുറവുകാരണം അംഗീകാരം നഷ്ടപ്പെടുമെന്ന ഘട്ടത്തിൽ പുളിയഞ്ചീരി മൊയ്തീൻ ഹാജി തുടങ്ങിയ പ്രമുഖ വ്യക്തികൾ വീടുവീടാന്തരം കയറിയിറങ്ങി വിദ്യാഭ്യാസത്തിന്റെ മഹത്വത്തെക്കുറിച്ച് ബോധവൽക്കരണം നടത്തി കുട്ടികളെ വിദ്യാലയത്തിലേക്കെത്തിച്ചു. വി ടി ഇബ്രാഹിംകുട്ടി ഹാജി സ്കൂൾ നടത്തിപ്പിനായി മദ്രസ കെട്ടിടം നവീകരിക്കാനുള്ള ഫണ്ട് നൽകി. സ്കൂളിന്റെനടത്തിപ്പിൽ തളർച്ചസംഭവിച്ചപ്പോഴെല്ലാം സഹായത്തിനെത്തിയ പുളിയഞ്ചീരി മൊയ്തീൻ ഹാജി, പുല്ലാര അലവി മുസ്ലിയാർ, വി ടി ഇബ്രാഹിം കുട്ടി ഹാജി ,യു ടി മാനു ഹാജി എന്നിവരെ നന്ദിയോടെ ഓർക്കേണ്ടതുണ്ട്.

# ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്തജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക

2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷത്തോടെ പശ്ചാത്തല സൗകര്യം വർധിപ്പിക്കുക

3. LKG മുതൽ നാലാം ക്ലാസ് വരെ ഓരോ ക്ലാസടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസരിച്ച് നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

4. അധ്യാപനവും, അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## ഉപലക്ഷ്യങ്ങൾ

### ഭാഷ (മലയാളം, ഇംഗ്ലീഷ്, അറബി)

* ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് സമഗ്രാസൂത്രണം, സൂക്ഷ്മാസൂത്രണം, എന്നിവ സമയബന്ധിതമായി പൂർത്തിയാക്കുക

* എല്ലാ കുട്ടികളും അർഥപൂർണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പാക്കുക.

* എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിന് അനുയോജ്യമായ വിധം മികച്ചനിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്ന് ഉറപ്പാക്കുക

* കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുക, സർഗാത്മക രചനയ്ക്കുള്ള അവസരം ഒരുക്കുക.

* ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

* ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

* വായനാ പരിപോഷണത്തിന് വൈവിധ്യമാർന്ന അവസരങ്ങളൊരുക്കുക.

* വിവിധ ക്ലാസ്സുകളിൽ കരിക്കുലം വിഭാവനം ചെയ്യുന്ന വിധത്തിൽ വ്യവഹാര രൂപങ്ങൾ സ്വായത്തമാക്കാൻ വൈവിധ്യമാർന്ന അവസരങ്ങൾ ഒരുക്കുക

* സമയാസമയങ്ങളിൽ ആശയപ്രകടനത്തിനും ആവിഷ്കാരത്തിനുമുള്ള വൈവിധ്യമാർന്ന സങ്കേതങ്ങളൊരുക്കുക.( ബുള്ളറ്റിൻ ബോർഡ്, ചുമർപത്രിക കൈയ്യെഴുത്ത് മാസിക, ബാലസഭ ,സർഗ്ഗവേള)

## ശാസ്ത്രം

* ശാസ്ത്രാവബോധം, ശാസ്ത്രീയമനോഭാവം, താൽപര്യം എന്നിവ വികസിപ്പിക്കുക

* ശാസ്ത്രത്തിന്റെ രീതി ( പരീക്ഷണ നിരീക്ഷണങ്ങൾ) സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.

* ശാസ്ത്രലാബ് സജ്ജമാക്കുക.

* ശാസ്ത്രപ്രക്രിയാശേഷികൾ ( പ്രശ്നാപഗ്രഥനം, നിരീക്ഷണം ,പട്ടികപ്പെടുത്തൽ, അപഗ്രഥിച്ച് നിഗമനത്തിലെത്തൽ )

* ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

* ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## ഗണിതം

* യുക്തിചിന്ത,മനക്കണക്കുകൾ, എന്നിവയിൽ പ്രാവീണ്യം നേടാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

* സംഖ്യാബോധം ,ചതുഷ്ക്രിയകൾ, എന്നിവ എല്ലാ കുട്ടികളിലും ഉറപ്പിക്കുക.

* മെട്രിക് അളവുകളുടെ ധാരണ കൈവരിക്കുക. നിത്യജീവിതാനുഭവങ്ങളുമായി ബന്ധിപ്പിച്ച് ഗണിതപഠനം ഫലപ്രദമാക്കുക

* ജ്യാമിതീയരൂപങ്ങളുടെ ധാരണ രൂപീകരിക്കലും, നിർമ്മാണ പ്രവർത്തനങ്ങളിൽ അറിവ് നേടലും.

* വിവിധഗണിതകേളികളിലൂടെ ഗണിതം മധുരതരമാക്കുക

## കലാകായികം

* സർഗ്ഗപരവും കലാപരവും കായികപരവുമായ കഴിവുകൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള അവസരം ഒരുക്കുക

* ശുചിത്വബോധവും നല്ല ആരോഗ്യശീലങ്ങളും വളർത്തിയെടുക്കുക.

* നല്ല കായികക്ഷമത ഉള്ളവരാക്കി വളർത്തിയെടുക്കുക.

* നേതൃത്വഗുണം വർദ്ധിപ്പിക്കുക.

* സഹകരണ മനോഭാവം, സാമൂഹ്യബോധം എന്നിവ ഊട്ടിയുറപ്പിക്കൽ

## ആരോഗ്യ കായികം

* ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്ക്കുൾ പ്രായം മുതൽ കളികൾക്കും, വ്യായാമങ്ങൾക്കും പ്രാധാന്യം നൽ കേണ്ടതുണ്ട്.

* ഓരോ കുട്ടിയുടേയും കായികക്ഷമത വികസിപ്പിക്കുന്നതോടൊപ്പം ഈ മേഖലയിലെ പ്രതിഭകളെ കണ്ടെത്തേണ്ടതുണ്ട്.

പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്തൽ, ആരോഗ്യ വിദ്യാഭ്യാസത്തിനുള്ള പ്രവർത്തനങ്ങൾ,ശുചിത്വനാടിനുള്ള നിയമാവലി തയ്യാറാക്കൽ, വിവിധതരം കമ്പോസ്റ്റിംഗ് സാധ്യതകൾ പരീക്ഷിക്കൽ, ആരോഗ്യ കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.

## അക്കാദമികം – നേട്ടങ്ങൾ

* എല്ലാവർഷവും ജില്ലാ മൽസരങ്ങളിൽ മികച്ച ഗ്രേഡും സ്ഥാനവും നേടാൻ കഴിയുന്നു.
* അക്കാദമിക തലത്തിൽ മികവിന്റെമാതൃകയായി തെരെഞ്ഞെടുത്ത വിദ്യാലയമാണ് രാമൻകുളം ജി എൽ പി എസ്
* സ്കൂളിൽ എല്ലായിടത്തും എല്ലാ കുട്ടികൾക്കും വായിക്കാൻ അവസരമൊരുക്കി വയനാസാമഗ്രികൾ തയ്യാറാക്കിയിട്ടുണ്ട്.
* വിവിധ ക്ലബുകളുടെ പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കാനുള്ള പ്രദർശന ബോർഡുകൾ, സന്ദർഭോജിതവും സമയബന്ധിതവുമായ വിവിധ പ്രവർത്തനങ്ങൾ നടത്തുന്ന പ്രവർത്തനമുഖിതമായ വിവിധ ക്ലബുകൾ
* എല്ലാക്ലാസിലും തുറന്ന ക്ലാസ്ലൈബ്രറി സജ്ജീകരിച്ചിട്ടുണ്ട്.
* കുട്ടികളുടെ മികവുകൾ പ്രദർശിപ്പിക്കാൻ ഓരോ ക്ലാസിലും വിസ്മയച്ചുമർ
* ക്ലാസ്തല പഠനപ്രവർത്തന ഉൽപ്പന്നങ്ങളുടെ പ്രദർശനവും മികവ് സി ഡി പ്രദർശനവും
* പ്രമുഖ സാമുഹ്യപരിഷ്കർത്താക്കൾ, സ്വാതന്ത്ര്യസമര സേനാനികൾ, ശാസ്ത്രപ്രതിഭകൾ തുടങ്ങിയ മഹത്വ്യക്തികളുടെ ഫോട്ടോ ഗാലറി.
* ക്യാമ്പസ് തന്നെ ഒരു പാഠപുസ്തകം എന്ന കാഴ്ച്ചപ്പാടിൽ നിർമിച്ച ജൈവ വൈവിധ്യ ഉദ്യാനം.
* പഠനം പ്രവർത്തനാധിഷ്ഠിതവും അനുഭവബന്ധിതവുമാക്കാൻ വിഷയാധിഷ്ഠിതമായി കോർണറുകൾ സ്ഥാപിച്ചിട്ടുണ്ട്.
* ജനാധിപത്യബോധവും മൂല്യവും വളർത്തുന്നതിനുതകുന്ന രീതിയിലാണ്. സ്കുൾതെരെഞ്ഞെടുപ്പ് സംഘടിപ്പിക്കുന്നത്.
* ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തുക, പങ്കുവെക്കുക എന്ന ലക്ഷ്യത്തിലൂന്നി ഓരോക്ലാസിലും ടാലന്റ് ഗാലറി സ്ഥാപിച്ചിട്ടുണ്ട്. ചിട്ടയായ മൊഡ്യൂൾ, രക്ഷിതാക്കൾക്കുള്ള കൈപുസ്തകം (എന്റെ കുട്ടി) ഇവ ഉപയോഗപ്പെടുത്തിയുള്ള മാസാന്ത്യ ക്ലാസ് പി ടി എ , അക്കാദമിക പിന്തുണ ഉറപ്പുവരുത്തുന്നു.
* ഓരോക്ലാസിലും ആസൂത്രിതവും കൃത്യതയുമുള്ള കമ്പ്യൂട്ടർ പഠനം
* ഓരോ മാസത്തിലും രണ്ടു തവണ ചിട്ടയായ ഇംഗ്ലീഷ് അസംബ്ലി നടത്തിവരുന്നു.
* കായിക ക്ഷമതയും ഏകാഗ്രതയും വർധിപ്പിക്കാൻ മാസ്ഡ്രില്ലുകൾ നടത്തിവരുന്നു.

ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനും സാമഗ്രികൾ സൂക്ഷിക്കുന്നതിനും എല്ലാ സൗകര്യങ്ങളോടും കൂടിയ (ഗ്യാസ് സ്റ്റവ്, പുകയില്ലാത്ത അടുപ്പ്, മിക്സി , വാട്ടർ പ്യൂരിഫെയർ) അടുക്കളയും സ്റ്റോർ റൂമും ഞങ്ങൾക്കുണ്ട്. ഭക്ഷണം ശുചിത്വപൂർണമായ അന്തരീക്ഷത്തിൽ കഴിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യത്തോടു കൂടിയ ഭക്ഷണ ഹാൾ ഒരുക്കേണ്ടതുണ്ട്. ഇപ്പോൾ പാചകവാതകം മാത്രമാണ് പാചകത്തിന് ഉപയോഗിക്കുന്നത്. ഏക കുടിവെള്ള സ്രോതസ് കുഴൽ കിണറാണ്. 1000 ലിറ്റർ വെള്ളം ഉൾകൊള്ളുന്ന 3 ടാങ്കുകളും 15 ഓളം ടാപ്പുകളും കുടിവെള്ളം ഒരുക്കുന്നു.

പടിപ്പുര , ചുറ്റുമതിൽ, ടൈൽ പാകിയ മുറ്റം, പ്രധാന കെട്ടിടത്തോടു ചേർന്നുള്ള വൃത്തിയുള്ളതും, ജലലഭ്യതയുള്ളതുമായ ടോയ്‌ലറ്റുകൾ, യൂറിനലുകൾ, വാഷ്ബേസിനുകൾ, സ്റ്റോർ റൂമോടുകൂടിയ പാചകപ്പുര, ഓരോ ദിവസത്തെ ഭക്ഷണ മെനു ബോർഡ്, എല്ലാ കുട്ടികൾക്കും ഭക്ഷണം കഴിക്കാനവശ്യമായ പ്ലേറ്റുകൾ, ഗ്ലാസുകൾ, ശിശുസൗഹൃദമായ ക്ലാസ് മുറികൾ, കമ്പ്യൂട്ടർ പഠനം, എന്നിവയുള്ള ഈ വിദ്യാലയം മഞ്ചേരി ഉപജില്ലയിലെ മെച്ചപ്പെട്ട ഭൗതിക സാഹചര്യമുള്ള വിദ്യാലയങ്ങളിലൊന്നാണ്. ഇപ്പോൾ നിലവിലുള്ള സ്കൂൾ കെട്ടിടത്തിനു മുകളിൽ ഒരു ഓഡിറ്റോറിയം കം ക്ലാസ് റൂം പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. 'ശുചിത്വം മഹത്വം' എന്ന ലക്ഷ്യം ഊന്നി ഓരോ ക്ലാസിന്റെ വരാന്തകളിലും ചെരുപ്പ് സൂക്ഷിക്കാനുള്ള ഷൂ റാക്കുകൾ, എല്ലാ ക്ലാസിലും ലൈറ്റ് ,ഫാൻ , സൗണ്ട് ബോക്സ്, ആംപ്ലിഫയറോടു കൂടിയ മൈക് സെറ്റ്, വിസ്മയ ചുമരുകൾ, ഇതിനെല്ലാം പുറമെ വിദ്യാലയ മുറ്റത്തുള്ള ജൈവ വൈവിധ്യ ഉദ്യാനം ഇവയെല്ലാം സ്കൂളിന്റെ സൗന്ദര്യത്തിന് മാറ്റ് കൂട്ടുന്നു.

## ഭൗതികം – പരിമിതികൾ

* സ്റ്റേജോടുകൂടിയ ക്ലാസ് റൂം കം ഓഡിറ്റോറിയം പണി പൂർത്തീകരിച്ചിട്ടില്ല.
* അസംബ്ലി ഹാൾ ഇല്ല.
* മതിയായ ഫർണിച്ചറോടുകൂടിയ ഭോജനശാല ഇല്ല.
* ഫർണിച്ചറോടുകൂടിയ ലൈബ്രറി ഇല്ല.
* നിലവിലുള്ള സ്കൂൾസ്ഥലം കുട്ടികൾക്ക് കളിയിടമായി മാറ്റേണ്ടതുണ്ട്.
* 2 ക്ലാസ് റൂമുകൾ ടൈൽ പാകി ശിശു സൗഹൃദമാക്കേണ്ടതുണ്ട്.

## അക്കാദമികം - പരിമിതികൾ

- നിലവിലുള്ള ക്ലാസ് ലൈബ്രറികൾ ശാക്തീകരിക്കേണ്ടതുണ്ട്.
- ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട സി.ഡി. ലൈബ്രറി, ഐ.സി.ടി. റിസോഴ്സുകൾ എന്നിവ സജ്ജീകരിക്കേണ്ടതുണ്ട്.
- ശാസ്ത്രപഠനം-നിരീക്ഷണ പരീക്ഷണങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്.
- നാടിനെ അറിയൽ, കാർഷിക സംസ്കാരം എന്നിവയ്ക്കായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്.
- നിരന്തര വിലയിരുത്തൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.
- പഠനം കൂടുതൽ ആസ്വാദകരമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.
- വിവിധ ഭാഷകൾ (മലയാളം, അറബി, ഇംഗ്ലീഷ്) അനായാസം ആശയവിനിമയത്തിനുപയോഗിക്കാനും കൂടുതൽ അവസരം നൽകേണ്ടതുണ്ട്.
- പുറം വാതിൽ പഠന സാധ്യത ഒരുക്കേണ്ടതുണ്ട്.
- കുട്ടികളുടെ കായിക ക്ഷമതയും സർഗ്ഗാത്മകശേഷിയും വികസിപ്പിക്കേണ്ടതുണ്ട്.
- പഠനോപകരണ നിർമ്മാണ മേഖലകളിലും ഐ.സി.ടി. മേഖലകളിലും അധ്യാപകർക്ക് പരിശീലനം ആവശ്യമാണ്.
- ആത്മവിശ്വാസം, നേതൃത്വഗുണം, എന്നിവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്
- ഐ.സി.ടി. സാധ്യത മെച്ചപ്പെടുത്തണം
- ഗണിതം രസകരമാക്കി എല്ലാ കുട്ടികളിലും ഗണിത ശേഷി വികാസത്തിനുതകുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.
- ക്ലബ്ബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ എന്നിവ കൂടുതൽ കാര്യക്ഷമമാക്കി നടത്തേണ്ടതുണ്ട്.
- ഓരോ കുട്ടിയുടെയും കഴിവിനും അഭിരുചിക്കും അനുസരിച്ച് കലാകായിക സാഹിത്യാഭിരുചികൾ പ്രോത്സാഹിപ്പിക്കണം.

## സ്കൂൾ പ്രൊഫോർമ I (Academic Year 2025 - 2026)
## വിദ്യാർത്ഥികളുടെ അംഗസംഖ്യ
## വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

| റവന്യൂ ജില്ലയുടെ പേര് : Malappuram | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | G.L.P.S. Ramankulam |
| 2 | വിലാസം | Ramankulam |
| 3 | ഫോൺ നമ്പർ | 04832765350 |
| 4 | ഇ-മെയിൽ വിലാസം | glpsramankulam18553@gmail.com |
| 5 | സ്കൂൾ കോഡ് | 18553 |
| 6 | ആൺകുട്ടികൾ/<br>പെൺകുട്ടികൾ/<br>രണ്ടുംകൂടിയുള്ളത് | രണ്ടുംകൂടിയുള്ളത് |
| 7 | സർക്കാർ/ എയിഡഡ് /അൺഎയിഡഡ് | Government |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ് ) | ആരംഭം: 1 അവസാനം: 4 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര * | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Manjeri |
| 11 | വിദ്യാഭ്യാസ ജില്ല | Malappuram |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1957 |
| 13 | അസംബ്ലി നിയോജകമണ്ഡലം | Manjeri |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | Malappuram * |
| 15 | റൂറൽ/അർബൻ | Rural |
| 16 | ബ്ലോക്ക് | |
| 17 | താലൂക്ക് | |
| 18 | പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | Manjeri |

* വകുപ്പിന്റെ പേര് - പൊതു വിദ്യാഭ്യാസ വകുപ്പ്, ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

## 2025-26 വർഷത്തെ വിദ്യാർഥികളുടെ എണ്ണം, റീ അഡ്മിഷൻ

| | |
|---|---|
| 1. ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണം 1-4 | 161 |
| 2. ആറാം സാധ്യായ ദിനത്തിലെ വാലിഡ് യു.ഐ.ഡി നമ്പർ ഉള്ള കുട്ടികളുടെ റോൾ സ്ട്രെങ്ങ്ത്ത് | 161 |
| 3. ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തിൽ യു.ഐ.ഡി വെരിഫിക്കേഷനിൽ ഇൻവാലിഡ് ആയിട്ടുള്ള യു.ഐ.ഡി.കളുടെ എണ്ണം | 0 |
| 4. ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തിൽ യു.ഐ.ഡി. വെരിഫിക്കേഷനിൽ ഇൻവാലിഡ് ആയ യു.ഐ.ഡി.കളുടെ ഫോട്ടോ അപ്‌ലോഡ് ചെയ്തിട്ടുള്ള കുട്ടികളുടെ എണ്ണം | 0 |
| 5. ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തിൽ യു.ഐ.ഡി. ഇല്ലാത്ത കുട്ടികളുടെ എണ്ണം | 0 |
| **അറബിക്** | |
| 7. അറബിക് കുട്ടികളുടെ എണ്ണം | 148 |
| 8. അറബിക് റീ-അഡ്മിഷനുകൾ | 0 |

## വിദ്യാലയം നിലവിലെ അവസ്ഥാവിശകലനം

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകിയ സർക്കാർ തീരുമാനം സ്കൂളിന്റെ ചരിത്രത്തിൽ വഴിത്തിരിവായി. 2012 ൽ വിദ്യാലയത്തിൽ ആരംഭിച്ച പ്രീ പ്രൈമറി പഠനം സ്കൂളിന്റെ അക്കാദമിക മികവിന് മാറ്റുകൂട്ടി. പഴയ മദ്രസാ വാടക കെട്ടിടത്തിൽ നിന്നും അധികം ദൂരെയല്ലാതെ, തിക്കുംതിരക്കും ഇല്ലാത്ത ശാന്തമായ പ്രദേശത്ത് എല്ലാ വിധ സൗകര്യങ്ങളോടും കൂടിയ ഒരു ഇരുനില കെട്ടിടത്തിലാണ് വിദ്യാലയം ഇന്ന് പ്രവർത്തിക്കുന്നത്.

മഞ്ചേരി നഗരസഭ 2005 ൽ സ്കൂളിനായി ഒരേക്കർ സ്ഥലം വാങ്ങിയെങ്കിലും പിഞ്ചു കുഞ്ഞുങ്ങൾക്ക് എത്തിച്ചേരാൻ പ്രയാസമുള്ള പ്രദേശമായതിനാൽ അതിനോട് ചേർന്ന് താഴെയായി ഇല്ലിക്കൽ തനൂജ ,അത്തിമണ്ണിൽ ഉമ്മർ ഹാജി, സലീം എന്നിവർ സൗജന്യമായി നൽകിയ 20 സെന്റ് സ്ഥലത്താണ് എസ് എസ് എ, നഗരസഭ ഫണ്ടുകൾ പ്രയോജനപ്പെടുത്തി എല്ലാ സൗകര്യങ്ങളോടും കൂടിയ കെട്ടിടം പണിതത്. ജനപ്രതിനിധികൾ , സ്കൂൾ പി ടി എ ,വെൽഫയർ കമ്മിറ്റി, എം ടി എ അധ്യാപകർ തുടങ്ങിയവരുടെ അക്ഷീണ പ്രയത്നത്തിന്റെ ഫലമായാണ് സ്കൂൾ ഇന്നത്തെ അവസ്ഥ കൈവരിച്ചത്.

### ഭൗതികം – നേട്ടങ്ങൾ

2014 നവംബർ 17 നാണ് വിദ്യാലയം സ്വന്തം കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചത്. 89 ആൺകുട്ടികളും 81 പെൺകുട്ടികളും പഠിക്കുന്ന ഈ വിദ്യാലയത്തിൽ ക്ലാസ്മുറികളും ഓഫീസും അടങ്ങുന്ന ഇരുനില കെട്ടിടം 2 ക്ലാസ് മുറികളൊഴികെ ബാക്കിയെല്ലാം ടൈൽ വിരിച്ചതും, ചിത്രങ്ങൾ, ഗണിതാശയങ്ങൾ, തുടങ്ങിയവയുള്ള ചുമരോടുകൂടിയതും ഷെൽഫ്, പോർട്ഫോളിയൊ ഹാങ്ങേഴ്സ, ബിഗ് പിക്ചർ ഡിസ്പ്ലേ ബോർഡ് എന്നിവയടങ്ങുന്നതും ആണ്. 2 ക്ലാസ് മുറികൾ കൂടി ശിശുസൗഹൃദമാക്കേണ്ടതുണ്ട്.

## സാമൂഹികം: നേട്ടങ്ങൾ

* ക്ലാസ് തല യോഗങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നുണ്ട്.

* കൃത്യമായ രേഖപ്പെടുത്തലോടെ കാര്യക്ഷമമായ ക്ലാസ് പിടിഎ
*ഗ്രന്ഥശാലകൾ, ക്ലബുകൾ, വിദ്യാഭ്യാസപ്രവർത്തകർ, എന്നിവരുടെ മികച്ച സഹകരണവും സേവനവും ലഭ്യമാക്കാൻ കഴിയുന്നുണ്ട്.

* വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടാൻ കഴിയുന്നുണ്ട്.

## സാമൂഹികം - പരിമിതികൾ

* അക്കാദമിക കാര്യങ്ങളിൽ CPTA കൂടുതൽ ഫലപ്രദമാവുന്നില്ല

* SMC, SEDC മീറ്റിംഗുകൾ കാര്യക്ഷമമാകേണ്ടതുണ്ട്.

* വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടാൻ കൂടുതൽ അവസരമുണ്ടാകേണ്ടതുണ്ട്.

* റിസോഴ്സ് മാപ്പിംഗ് കൂടുതൽ ഫലപ്രദമാവണം.

* പഠനപ്രവർത്തനങ്ങളിലും പഠനോപകരണനിർമാണങ്ങളിലും സാമൂഹിക പങ്കാളിത്തം കൂടി ഫലപ്രദമാവേണ്ടതുണ്ട്.

ഭാഷയിൽ മുഴുവൻ കുട്ടികളും A , B ഗ്രേഡുകൾ നേടുകയുണ്ടായി. വായന യിലൂടെ നേടിയ അറിവുകളാണ് ഈ ഗ്രേഡുകൾ കുട്ടികളിലെത്താൻ സഹാ യിച്ചത്. പദങ്ങൾ സ്വന്തമായി വായിച്ച് ഉത്തരംകണ്ടെത്തി അക്ഷര തെറ്റില്ലാ തെ എഴുതാൻ സാധിച്ചു. എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന വരും മുൻ നിരയിലെത്താൻ ശ്രമിക്കുന്നുണ്ട്. കഴിഞ്ഞ വർഷത്തിൽ കുട്ടികൾക്ക് ആശയങ്ങൾ ഉണ്ടെങ്കിലും അക്ഷരങ്ങൾ തിട്ട പ്പെടു ത്താത്തതു മൂലം എഴുതാൻ കഴിഞ്ഞിരുന്നില്ല. ഈ വർഷം ഒന്നും രണ്ടും ടേമുകളിൽ ഭാഷയിൽ നേട്ടം കൈവന്നത് വായനാപ്രവർത്തന ത്തി ലൂ ടെ യാണ്.

ഇംഗ്ലീഷിൽ കുറച്ച് കുട്ടികൾക്ക് മാത്രമേ A,B ഗ്രേഡുകൾ നേടാൻ കഴിഞ്ഞുള്ളൂ. പാഠഭാഗവുമായി ബന്ധപ്പെട്ട Reading Cards, New Words വായന Narration കേട്ട് കഴിഞ്ഞ്Answer Identify ചെയ്യാൻ കഴിഞ്ഞിട്ടിണ്ട്. English Text വായിക്കാനും കൂടുതൽ പേർക്ക് കഴിയുന്നുണ്ട്.

ഗണിതം ,പരിസരപഠനം ഇവയിൽ A, B ഗ്രേഡുകൾ തന്നെ കൂടുതൽ കുട്ടികളും നേടിയിട്ടുണ്ട്. പരീക്ഷണാത്മക ഇടപെടലിന്റെ വെളിച്ചത്തിലാണ് ഈ മാറ്റം ഉണ്ടായത്. ബഹുഭൂരിപക്ഷം കുട്ടികളും ഗണിതക്രിയകൾ പഠനോപകര ണങ്ങ ളുടെ സഹായത്തോടെ ചെയ്യുന്നുണ്ട്.

അറബിയിൽ എല്ലാ കുട്ടികളും ഉയർന്ന ഗ്രേഡ് നേടുകയുണ്ടായി. കലാ കായിക മേഖലകളിലും ഉയർന്ന ഗ്രേഡ് നേടാൻ സാധിച്ചു. ചിട്ടയായ മാസ് ഡ്രിൽ , നിർമ്മാണപ്രവത്തനങ്ങൾ ഇവ നടത്തുന്നുണ്ട്. CPTA യിൽ രക്ഷിതാക്കൾക്ക് കൂടി കുട്ടികളുടെ മികവ് ബോധ്യപ്പെടുന്ന രീതിയിലുള്ള അവസരങ്ങൾ നൽ കുന്നുണ്ട്.

# വിദ്യാലയം മികവിന്റെ കേന്ദ്രം: കാഴ്ച്ചപ്പാട്

1. 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ച്ചപ്പാടിനെയും 'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്" എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2. പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

4. ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

5. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്ക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ

6. എല്ലാ കുട്ടികളുടെയും കലാകായിക പ്രവർത്തിപരിചയമേഖലകളിലെ കഴിവുകൾ വികസിപ്പിക്കുക

# പദ്ധതിരൂപീകരണ പ്രക്രിയ ഘട്ടങ്ങൾ

* SRG യോഗത്തിൽ "രാമൻകുളം ജി എൽ പി സ്കൂൾ വിഷൻ 2025" എന്ന വികസന കാഴ്ച്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

* വികസനാവശ്യങ്ങൾ ക്ലാസ്/ വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തരംതിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

* കരട്രൂപരേഖ SRG, SMC, PTA,MPTA, SEDC, രാഷ്ട്രീയ പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശിൽപശാലയിൽ അവതരിപ്പിക്കൽ

* ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

* PTA യുടെ നേതൃത്വത്തിൽ ക്രോഡീകരണ പദ്ധതിരേഖ തയ്യാറാക്കൽ

നുബന്ധം -01

## അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം

| ക്രമ നം. | കാഴ്ചപ്പാട്. | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഇടപെടലുകൾ. | ഇനിയും ഏറ്റെടുക്കേ പ്രവർത്തനങ്ങൾ |
|---|---|---|---|
| I | ഭൗതികസാഹചര്യങ്ങളുടെ വികസനം. | | |
| 1. | ക്ലാസ്സ് മുറികൾ ആധുനികമാകണം. (ഹൈടെക് സൗകര്യങ്ങൾ, ഇരിപ്പിട സൗകര്യങ്ങൾ) | | |
| 2. | സ്കൂളും ക്ലാസ്സും ഗവേഷണാത്മക പഠനത്തിന് ഉതകുന്നതാകണം. | | |
| 3. | വൃത്തിയുള്ളതും ഹരിതാഭവും സുരക്ഷിതവും ജൈവവൈവിധ്യ പൂർണവുമായ സ്കൂളും പരിസരവും ഉ ാകണം. | | |
| 4. | മികച്ച പോഷകാഹാരവും ശുദ്ധജല ലഭ്യതയും ഉറപ്പുവരുത്തണം. | | |
| 5. | മികച്ച സാനിറ്ററി സംവിധാനങ്ങൾ ഉറപ്പുവരുത്തണം. | | |
| 6. | മികച്ച കളിസ്ഥലം, നീന്തൽക്കുളം തുടങ്ങിയ സൗകര്യങ്ങൾ. | | |
| 7. | എല്ലാ കുട്ടികൾക്കും മികച്ച യൂണിഫോം | | |
| II | കുട്ടികളുടെ സമഗ്രവികസനം | | |
| 1. | ഓരോ കുട്ടിയുടെയും സവിശേഷ കഴിവുകൾ ക ത്തി അതിനെ പരമാവധി വികസിപ്പിക്കുന്നതിനുള്ള സാഹചര്യം ഉ ാകണം. | | |
| 2. | മാതൃഭാഷ തുടങ്ങി എല്ലാ ശാസ്ത്രം, ഗണിതം, വിഷയങ്ങളിലും അടിസ്ഥാനശേഷി എല്ലാ കുട്ടികളിലും ഉറപ്പുവരുത്തണം. | | |
| 3. | ഇംഗ്ലീഷ് , ഹിന്ദി വിഷയങ്ങളിൽ ആശയ വിനിമയശേഷി എല്ലാ കുട്ടികളിലും ഉറപ്പുവരുത്തണം. | | |
| 4. | ശരിയായ ജീവിതനൈപുണികളും മൂല്യബോധവും വളരുന്നതിനുള്ള അവസരം സൃഷ്ടിക്കണം. | | |
| 5. | സാമൂഹ്യബോധവും ജനാധിപത്യബോധവും മതേതരചിന്തയും വളരുന്നതിന് അവസരം ലഭിക്കണം. | | |
| 6. | മത്സരപരീക്ഷകളിൽ മികച്ച വിജയം നേടുന്നതിന് പ്രാപ്തരാക്കണം. | | |
| 7. | കലാകായിക പ്രവൃത്തി പരിചയശേഷികളുടെ വികസനം ഉറപ്പുവരുത്തണം. | | |
| 8. | വൈകാരിക സാമൂഹിക സുരക്ഷ ഉറപ്പുവരുത്തണം. | | |

| | | | |
|---|---|---|---|
| III | കുട്ടികളുടെ പരിമിതികൾ മറികടക്കാനുള്ള പിന്തുണ. | | |
| 1. | പരിമിതികൾ മറികടക്കുന്നതിന് വ്യക്തിഗത പിന്തുണ ഓരോ കുട്ടിക്കും ലഭിക്കണം. | | |
| 2. | നിരന്തരമായ ആരോഗ്യപരിശോധനാ ക്യാമ്പുകളും തുടർ ഇടപെടലുകളും ഉറപ്പാക്കണം. ആവശ്യമുള്ള കുട്ടികൾക്ക് കൗൺസലിംഗും മന:ശാസ്ത്ര പിന്തുണയും ഉറപ്പാക്കണം. | | |
| 3 | അടിസ്ഥാനധാരണകളിലും ശേഷികളിലും പരിമിതിയുള്ളവർക്ക് പ്രത്യേക പിന്തുണ. | | |
| 4 | സി.ഡബ്ല്യു.എസ്.എൻ.കുട്ടികളെ അനുരൂപീകരണ പ്രക്രിയകളിലൂടെ പൊതുധാരയിലെത്തിക്കുന്നു. | | |
| 5 | ലഹരിപോലുള്ള ദുഷ്പ്രവണതകളിൽ നിന്ന് കുട്ടികളെ അകറ്റി നിർത്തുന്നതിനുള്ള ജാഗ്രത ഉ ാകണം. | | |
| IV | പഠനബോധന തന്ത്രങ്ങളുമായി ബന്ധപ്പെട്ടവ | | |
| 1 | പ്രവർത്തനാധിഷ്ഠിതമായ പഠനാനുഭവങ്ങൾ ലഭ്യമാക്കുന്നു. പഠനത്തിൽ ഉയർന്ന ചിന്താതലങ്ങൾക്ക് പ്രാധാന്യം നൽകുന്നു. | | |
| 2 | ആവശ്യമായ സാധ്യായ മണിക്കൂറുകൾ ഉറപ്പാക്കണം. | | |
| 3 | ആഴത്തിലുള്ള പഠനം സാധ്യമാക്കാനാവശ്യമായ വിദഗ്ദ്ധപിന്തുണ. | | |
| 4 | കൃത്യമായ അക്കാദമിക മാസ്റ്റർപ്ലാനും കർമപദ്ധതിയും. | | |
| 5 | പഠനം ക്ലാസ്മുറികളിൽ നിന്ന് വെളിയിലേക്ക് വ്യാപിപ്പിക്കണം. | | |
| 6 | നേടിയ അറിവും കഴിവും സമൂഹത്തിന്റെ മുന്നിൽ പ്രകടിപ്പിക്കാനുള്ള അവസരം ഉറപ്പാക്കണം. | | |
| 7 | കുട്ടിയുടെ പ്രായത്തിനും വികാസ ഘട്ടങ്ങൾക്കും പരിഗണന നൽകിക്കൊ ുള്ള പഠനബോധന സമ്പ്രദായങ്ങൾ. | | |
| V | അധ്യാപകശാക്തീകരണം | | |
| 1 | അധ്യാപകർക്ക് മികച്ചതും ആധുനികവുമായ പരിശീലനം ലഭ്യമാക്കുന്നു. കാലികമായ വിജ്ഞാന വളർച്ച എല്ലാ അധ്യാപകരിലും ഉറപ്പുവരുത്തണം. | | |
| 2 | വിവര സാങ്കേതിക സ്രോതസ്സുകൾ ലഭ്യമാക്കുകയും അധ്യാപകർക്ക് അതിലേക്ക് ആവശ്യമായ നൈപുണി വികസനം ഉറപ്പുവരുത്തുകയും ചെയ്യുന്നു. | | |

| | | | |
|---|---|---|---|
| 3 | അധ്യാപകരെ ഗവേഷകരാക്കുകയും മികച്ച അധ്യാപനത്തിന് സജ്ജരാക്കുകയും ചെയ്യുന്നു. | | |
| VI | പഠനവിഭവങ്ങളുമായി ബന്ധപ്പെട്ടവ | | |
| 1 | എല്ലാ ക്ലാസ്സുകളിലും ഹൈടെക് സാദ്ധ്യതകൾ ഉറപ്പുവരുത്തുകയും ഇന്റർനെറ്റ് സൗകര്യം ഉറപ്പുവരുത്തുകയും ചെയ്യുന്നു. | | |
| 2 | എല്ലാ ക്ലാസ്സുകളിലും മികച്ച ക്ലാസ്സ് ലൈബ്രറിയും പുസ്തക ഡിസ്പ്ലേയും ഉ   ാകണം. | | |
| 3 | സ്കൂൾ റഫറൻസ് ലൈബ്രറി & റീഡിംഗ് റൂം ശാക്തീകരണം. | | |
| 4 | ശാസ്ത്ര ഗണിത സാമൂഹ്യശാസ്ത്ര പഠനം അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിനാവശ്യമായ പഠനസാമഗ്രികൾ സംവിധാനങ്ങൾ. | | |
| 5 | എല്ലാ കുട്ടികൾക്കും ആവശ്യമായ പഠന സാമഗ്രികൾ സമയബന്ധിതമായി ലഭ്യമാക്കുന്നു. | | |
| VII | സ്കൂൾഭരണ സംവിധാനം | | |
| 1 | എല്ലാ കുട്ടികളുടെയും പഠനപുരോഗതി ലക്ഷ്യവച്ച് സ്കൂൾ വിഭവങ്ങൾ പ്രയോജനപ്പെടുത്തുകയും അധ്യാപകരും സ്കൂൾ മേലധികാരിയും പരസ്പര സഹകരണത്തോടെയും പ്രവർത്തിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നു. | | |
| 2 | ശക്തവും ശാസ്ത്രീയവുമായ മോനിട്ടറിംഗ് സംവിധാനങ്ങൾ. | | |
| 3 | അധ്യാപകരുടെ തുടർച്ചായായ സാന്നിദ്ധ്യം കുട്ടികൾക്ക് ലഭ്യമാക്കണം. | | |
| 4 | നിരന്തരമായ വിലയിരുത്തലിലൂടെ കുട്ടികളുടെ പഠന പുരോഗതിയും പഠന  ബോധനരീതികളുടെ മികവും ഉറപ്പുവരുത്തണം. | | |
| VIII | രക്ഷാകർത്താവ്, സമൂഹം. | | |
| 1 | രക്ഷാ കർത്താക്കളുടെ നിരന്തരമായ ഇടപെടലും വിദ്യാലയത്തിന് ഉറപ്പുവരുത്തണം. | | |
| 2 | സമൂഹവും വിദ്യാലയവും പരസ്പര പൂരകമാകണം. | | |
| 3 | വിദ്യാലയ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ രക്ഷാകർത്താക്കൾക്കുള്ള പങ്കിനെക്കുറിച്ച് വ്യക്തമായ ധാരണയു   ാകണം. | | |
| 4 | ഗുണമേന്മാവിദ്യാഭ്യാസത്തെക്കുറിച്ചും വിദ്യാലയങ്ങളുടെ അന്താരാഷ്ട്രനിലവാരത്തെക്കുറിച്ചും രക്ഷാകർത്താക്കളിൽ വ്യക്തത വളർത്തുന്നു. | | |

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
# (ഒറ്റനോട്ടത്തിൽ)

## അക്കാദമികം

- വിജയസ്പർശം- പഠനപോഷണ പരിപാടി പിന്നോക്കക്കാർക്ക്
- വായനയുടെ വഴിയൊരുക്കാം - വായനാപരിപോഷണം
- നാടകക്കളരി - സർഗശേഷി / ഭാഷാ ശേഷികളുടെ വികസനം
- മാതൃസ്പർശം - സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ
- രചനാപരിചയം - വായനാപരിപോഷണം
- ഉല്ലാസ ഗണിതം- ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
- ഗണിതരസന - ഗണിതത്തിൽ നേടേണ്ടതായ പഠന നേട്ടങ്ങൾക്ക് മികച്ച് രീതിയിൽ വിദഗ്ധ പരിശീലനം നൽകി ഗണിത പ്രതിഭകളെ കണ്ടെത്തൽ
- ഗണിതമാഗസിൻ
- !റിഗാമി
- കൂട്ടുചേരൽ
- മേളകൾ
- ദിനാചരണങ്ങൾ
- ക്ലബ്ബ് പ്രവർത്തനങ്ങൾ
- ഹാപ്പി ഇംഗ്ലീഷ്
- കായിക - പ്രവൃത്തിപരിചയ പരിശീലനം

## ഭൗതികം

- ക്ലാസ്റൂം നിർമാണം പൂർത്തീകരണം
- ചുറ്റുമതിൽ പൂർത്തീകരണം
- ഐ.സി.ടി. സൗകര്യം മെച്ചപ്പെടുത്തൽ
- ഉച്ചഭക്ഷണ വിതരണ സാധ്യതകൾ
- മാലിന്യ സംസ്കരണം

# പ്രതീക്ഷിത നേട്ടങ്ങൾ

* ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.

* "സ്കൂൾ സമൂഹത്തിൽ" എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.

* വിദ്യാലയ പ്രവേശന നിരക്ക് കൂട്ടുന്നു.

* മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.

* വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾ തടയാൻ കഴിയുന്നു.


## *മോണിറ്ററിംഗ് രീതി*

* ഉദ്യാഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.


* സോഷ്യൽ മോണിറ്ററിംഗ് രീതി ( SMC, SEDC, OSA അംഗങ്ങളെ ഉൾപ്പെടുത്തി) നടപ്പിലാക്കുന്നു

* ദൈനം ദിന മോണിറ്ററിംഗ് HM, S R G Con. എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്നു


# DETAILED DRAWING OF GLPS RAMANKULAM



ELEVATION




FIRST FLOOR PLAN



GROUND FLOOR PLAN

# പദ്ധതി വിശദാംശങ്ങൾ
## മലയാളം

പ്രവർത്തനം 1 : വിജയസ്പർശം
ഉപമേഖല : ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്- വായനയിലും എഴുത്തിലും പ്രയാസം നേരിടുന്ന കുട്ടികൾക്ക് എല്ലാ ദിവസവും പരിഹാരപ്രവർത്തനങ്ങൾ നൽകൽ. (അക്ഷരം, ചിഹ്നം) ഇവ ഉറപ്പിക്കൽ, കുട്ടിക്കഥകൾ, കുട്ടിക്കവിതകൾ ശേഖരിക്കൽ, വായനസാമഗ്രി, ചിത്രം ഇവ ഉപയോഗിച്ച് അടിക്കുറിപ്പ്, കഥപറയൽ, ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ | ജൂൺ ആദ്യവാരം | ക്ലാസ് ടീച്ചർ |
| **പ്രവർത്തനം 2**<br>**പ്രതിഭാ പോഷണം**<br>ഭാഷയിൽ ഓരോ ക്ലാസിലും നേടേണ്ടതായ പഠനനേട്ടങ്ങൾ മികച്ച രീതിയിൽ വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ | റീഡേഴ്സ് തിയേറ്റർ, രചനാ ശില്പശാല, പ്രസംഗപരിശീലനം, സ്കൂൾ പത്രം, എഴുത്തുകൂട്ടം, വാർത്ത തയ്യാറാക്കൽ, ഭാഷാ വ്യവഹാര രൂപങ്ങൾ മികച്ച രീതിയിൽ തയ്യാറാക്കൽ, പാട്ടരങ്ങ്, കാവ്യോത്സവം, ദൃശ്യാവിഷ്കാരം, കഥോത്സവം | 2025-26 | എസ്.ആർ.ജി.<br>ക്ലാസ് ടീച്ചർ |
| **പ്രവർത്തനം 3**<br>**വായനയുടെ വഴിയൊരുക്കം**<br>വായനാ പരിപോഷണം | പത്രവായന - പത്രം വായിച്ച് പ്രധാനവാർത്തകൾ രേഖപ്പെടുത്തുന്നു. കുഞ്ഞുവായന, അമ്മവായന, കുട്ടികൾക്ക് വായിച്ചുകൊടുക്കൽ, വായന അനുഭവം പങ്കുവെയ്ക്കൽ | ജൂൺ 19 വായനാദിനം മുതൽ | ക്ലാസ്സ് ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| **പ്രവർത്തനം 4**<br>**നാടകക്കളരി**<br>ഉപമേഖല: സർഗശേഷി/ ഭാഷാ ശേഷികളുടെ വികസനം<br>ഒരു വ്യവഹാരത്തെ മറ്റൊരു വ്യവഹാരരൂപത്തിലേക്കു മാറ്റൽ | പാഠഭാഗങ്ങളുടെ നാടകാവിഷ്കാരം | പ്രതിമാസ ബാലസഭ | വിദ്യാരംഗം കലാസാഹിത്യ വേദി |
| **പ്രവർത്തനം 5**<br>**മാതൃസ്പർശം**<br>സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ | രക്ഷിതാക്കൾക്കൊരു ചുവർ പത്രിക, രക്ഷിതാക്കളുടെ രചനകൾ (കഥ, കവിത, ചിത്രങ്ങൾ, അനുഭവക്കുറിപ്പുകൾ) ഒരൊറ്റ പത്രത്തിൽ ചിത്രീകരിക്കുന്നു. | ഓരോ മാസം | ക്ലാസ്സ്ടീച്ചർ |
| **പ്രവർത്തനം 6**<br>**രചനാ പരിചയം**<br>വായനാപരിപോഷണം | താൻ വായിച്ച പുസ്തകം തന്റെ കൂട്ടുകാരന് വായിക്കാൻ ഉതകുന്ന രീതിയിലുള്ള കുറിപ്പ് തയ്യാറാക്കി കുട്ടികളെ പരിശീലിപ്പിക്കുക. കുട്ടികളുടെ വായന പ്രോത്സാഹിപ്പിക്കാൻ വേണ്ടി ഓരോ പുസ്തകം കുട്ടികൾക്ക് നൽകുന്നു. അതിന്റെ രചനാപരിചയക്കുറിപ്പ് കുട്ടികളെ കൊണ്ട് എഴുതിക്കുന്നു. | ജൂൺ, മാർച്ച് | ക്ലാസ് ടീച്ചർ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| **പ്രവർത്തനം 7**<br>**ഉല്ലാസ ഗണിതം**<br>ഗണിതപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ് നടത്തി കുട്ടികളെ കണ്ടെത്തുന്നു. പരിഹാര പ്രവർത്തന മൊഡ്യൂൾ തയ്യാറാക്കൽ, പ്രയോഗവൽക്കരണം. വിവിധ ഗണിതകേളികൾ ക്ലാസ് അടിസ്ഥാനത്തിൽ കളിക്കൽ (ഡൈസ് കളി, പാമ്പും കോണിയും) | ജൂൺ, ആഗസ്ത് | ക്ലാസ്ടീച്ചർ |
| **പ്രവർത്തനം 8**<br>**ഗണിത രസന**<br>ഗണിതത്തിൽ നേടേണ്ടതായ പഠന നേട്ടങ്ങൾക്ക് മികച്ച രീതിയിൽ വിദഗ്ധ പരിശീലനം നൽകി ഗണിത പ്രതിഭകളെ കണ്ടെത്തൽ. | ഗണിതവുമായി കൂട്ടുകൂടുക എന്ന ഉദ്ദേശ്യത്തിൽ ദിവസവും നൽകുന്ന ചോദ്യോത്തരങ്ങളിൽ നിന്നും ആഴ്ചയിലൊരിക്കൽ നറുക്കെടുത്ത് വിജയിയെ കണ്ടെത്തുന്നു. മാസത്തിൽ നൽകിയ ചോദ്യങ്ങൾ ഉൾപ്പെടുത്തി ആദ്യ മൂന്നു സ്ഥാനക്കാർക്ക് സമ്മാനവും നൽകുന്നു. | ജൂലൈ - മാർച്ച് | ഗണിതക്ലബ്ബ് |
| **പ്രവർത്തനം 9**<br>**ഗണിത മാഗസിൻ നിർമാണം**<br>ഗണിതസർഗശേഷി എല്ലാ കുട്ടികളിലും വികസിപ്പിക്കൽ | ഗണിത കൗതുകങ്ങൾ, മാന്ത്രിക ചതുരങ്ങൾ, ഗണിത തന്ത്രങ്ങൾ, കഥകൾ, ഗണിത കവിതകൾ, ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തി മാഗസിൻ നിർമാണം. | മൂന്നുമാസം കൂടുമ്പോൾ | ക്ലാസ്ടീച്ചർ, പി.ടി.എ. |
| **പ്രവർത്തനം 10**<br>**കൂട്ടുചേരൽ**<br>കുട്ടികളിൽ സംഖ്യാബോധം, ചതുഷ്ക്രിയകൾ ഇവ ഉറപ്പിക്കൽ | അബാക്കസ്, സംഖ്യാകിറ്റുകൾ, സംഖ്യകാർഡുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| **പ്രവർത്തനം 11**<br>**ഒറിഗാമി**<br>ജ്യാമിതീയ രൂപങ്ങളുടെ ധാരണ കൈവരിക്കലും നിർമാണ പ്രവർത്തനങ്ങളുടെ അറിവ് നേടലും | പേപ്പർ ഉപയോഗിച്ചുള്ള വിവിധ രൂപങ്ങൾ നിർമാണം. വൃത്തം, ചതുരം, ത്രികോണം, അർധവൃത്തം എന്നിവ വെട്ടിയെടുത്ത് വിവിധ രൂപങ്ങൾ ഒട്ടിച്ച് ഉണ്ടാക്കൽ (ടാൻഗ്രാം) | ആഗസ്ത് - ഫെബ്രുവരി | എസ്.ആർ.ജി. ക്ലാസ്ടീച്ചർ - പി.ടി.എ. |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| **പ്രവർത്തനം 12**<br>**മേളകൾ**<br>ഉപമേഖല: ശാസ്ത്രപഠനം<br>ശാസ്ത്രം പ്രവർത്തനമാണ് എന്നു മനസ്സിലാക്കൽ | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, സബ്ജില്ലാ, ജില്ലാ മത്സരങ്ങളിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ്ബ് |
| **പ്രവർത്തനം 13**<br>**നല്ല ആരോഗ്യം**<br>ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആരോഗ്യ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ, കുട്ടികൾ ശീലിക്കേണ്ട ഭക്ഷണശീലങ്ങൾ, പോഷക ഗുണങ്ങ ളുള്ള ഭക്ഷണപദാർഥങ്ങൾ കണ്ടെത്തൽ, പഴയകാല ഭക്ഷണശീല ങ്ങൾ പരിചയപ്പെടൽ. | ജൂലൈ | എസ്.ആർ.ജി. - രക്ഷിതാക്കൾ |
| **പ്രവർത്തനം 14**<br>**മോക്ക് പാർലമെന്റ്**<br>ഉപമേഖല: നേതൃത്വബോധം, ജനാധിപത്യ ബോധം<br>ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, നാമനിർദേശ പത്രികാ സമർപ്പണം, സ്ഥാനാർഥിനിർണയം, ചിഹ്നങ്ങൾ തിരഞ്ഞെടുക്കൽ, വോട്ടഭ്യർത്തന, വോട്ടെടുപ്പ്, ഫലപ്രഖ്യാപനം, മോക്ക് പാർലമെന്റ് | ജൂൺ-ജൂലൈ സെക്കന്റ് ടേം | എസ്.ആർ.ജി |
| **പ്രവർത്തനം 15**<br>**ബുള്ളറ്റിൻ ബോർഡ്**<br>ഉപമേഖല: പൊതുവിജ്ഞാനം/ അക്കാദമികം<br>ബുള്ളറ്റിൻ ബോർഡ്, ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | മുഴുവൻ കുട്ടികൾക്കും വായിക്കാൻ കഴിയുന്ന രീതിയിൽ ബുള്ളറ്റ് ബോർഡ് പ്രദർശിപ്പിക്കൽ ക്വിസ്, പ്രധാന വാർത്തകൾ | ആഗസ്ത് | എസ്.ആർ.ജി ക്ലബ്ബ് |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| **പ്രവർത്തനം 16**<br>**ഇംഗ്ലീഷ് ബുള്ളറ്റിൻ**<br>ഉപമേഖല: ഇംഗ്ലീഷ് സർഗാത്മക രചന<br>ഇംഗ്ലീഷിൽ സർഗാത്മകരചന നടത്തുന്നതിനുള്ള ശേഷി വികസിപ്പിക്കൽ | ഓരോമാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ. സംഭാഷണം എഴുതൽ, കുട്ടിക്കവിത നിർമിക്കൽ, വിവരണം തയ്യാറാക്കൽ. സൂചനയിൽ നിന്നു കഥ വികസിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് | എസ്.ആർ.ജി. - പി.ടി.എ- ക്ലാസ്ടീച്ചർ |
| **പ്രവർത്തനം 17**<br>**ഇംഗ്ലീഷ് ഡയറി**<br>തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം. ഇംഗ്ലീഷിൽ ഡയറി എഴുതുക. | ആഴ്ചയിൽ | ടീച്ചർ-രക്ഷിതാക്കൾ |
| **പ്രവർത്തനം 18**<br>**ഹാപ്പി ഇംഗ്ലീഷ്**<br>ഇംഗ്ലീഷിൽ കൂടുതൽ പ്രാവീണ്യം നേടൽ | ഇംഗ്ലീഷുമായി കൂട്ടുകൂടുക എന്ന ഉദ്ദേശ്യത്തിൽ ദിവസവും നൽകുന്ന ഇംഗ്ലീഷ്, വാക്കുകൾ, വാചകങ്ങൾ മാസാന്ത്യത്തിൽ ക്ലാസ് തല ചോദ്യോത്തര മത്സരം നടത്തുന്നു. | ജൂലൈ മുതൽ മാർച്ച് | ഇംഗ്ലീഷ് ക്ലബ്ബ് |
| **പ്രവർത്തനം 19**<br>**ഹലോ ഇംഗ്ലീഷ്**<br>ഇംഗ്ലീഷ് പ്രയോഗിക്കാനും ഇംഗ്ലീഷിലുള്ള പ്രാവീണ്യം കൂടാനും | ടീച്ചേഴ്സ് ടോക്ക് കൂടുതൽ പ്രയോഗിക്കൽ, സിംപിൾ സ്റ്റോറീസ് ക്ലാസ്സ് തലത്തിൽ സന്ദർഭങ്ങൾ ക്രിയേറ്റ് ചെയ്ത് അഭിനയിച്ച് പറയൽ.<br>സെന്റൻസ് മെയ്ക്കിംഗ്, സെൽഫ് ഇൻട്രൊഡ്യൂസിംഗ് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്ടീച്ചർ-ക്ലബ്ബ് കൺവീനർ, എസ്.ആർ.ജി |
| **പ്രവർത്തനം 20**<br>**ഇംഗ്ലീഷ് തിയേറ്റർ**<br>ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠബാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നു വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ.<br>ഉദാ: സ്കിറ്റ്, കൺവർസേഷൻ, ഡ്രാമ തുടങ്ങിയവ | | |

| | അറബി | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| **പ്രവർത്തനം 21**<br>**ക്വിസ് മത്സരം**<br>ഓരോ ദിനത്തിന്റെയും പ്രാധാന്യം അവയെ കൂടുതൽ ആഴത്തിൽ അറിയാൻ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള ക്വിസ് മത്സരം നടത്തുന്നു. | ജൂൺ - മാർച്ച് | അറബി ക്ലബ്ബ്, ക്ലാസ്ടീച്ചർ |
| **പ്രവർത്തനം 22**<br>**പദ ശേഖരണം**<br>വായന പരിപോഷണം | പാഠപുസ്തകങ്ങൾക്ക് പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകൽ | ജൂൺ - മാർച്ച് | അറബിക് ക്ലബ്ബ് - ക്ലാസ് ടീച്ചർ |
| **പ്രവർത്തനം 23**<br>**ആസ്വാദനലോകം**<br>സർഗാത്മക കഴിവ് വളർത്തൽ, അവതരണ മികവ് കൈവരിക്കൽ | പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മാസത്തിലൊരിക്കൽ ആസ്വാദന സഭ ചേരുന്നു. | ഓരോ മാസം | അറബി ക്ലബ്ബ് |
| **പ്രവർത്തനം 24**<br>**വേർഡ് ഓഫ് ദി ഡേ**<br>വായന പരിപോഷണം | 'ഒരു ദിവസം ഒരു വാക്ക്' പഠിക്കാം... അറബിയെ കൂടുതൽ അടുത്തറിയാം എന്ന ലക്ഷ്യത്തോടെ ദിവസവും കുട്ടികൾക്ക് പുതിയ വാക്ക് പരിചയപ്പെടുത്തുന്നു. | ജൂൺ - മാർച്ച് | അറബി ക്ലബ്ബ് |
| **പ്രവർത്തനം 25**<br>**ഒറിഗാമി**<br>സഹവാസ ക്യാമ്പ് - (പ്രവൃത്തി പരിചയം)<br>കുട്ടികളിൽ താൽപര്യം വളർത്തൽ, തൊഴിലുകളിൽ അഭിരുചി വളർത്തൽ, ഒഴിവുവേളകൾ വിനോദപ്രദമാക്കൽ | ഒറിഗാമി, പ്രവൃത്തി പരിചയം കുട്ടികളിൽ താൽപര്യം വളർത്തൽ തൊഴിലുകളിൽ അഭിരുചി വളർത്തൽ, ഒഴിവുവേളകൾ വിനോദപ്രദമാക്കൽ, ക്ലാസ് തലത്തിലുള്ള വാർഷികാസൂത്രണം നടത്തുന്നു. പഠനപ്രവർത്തനവുമായി ബന്ധപ്പെടുത്തുന്നു. വിവിധ ഒറിഗാമികൾ ക്ലാസ് തലത്തിൽ ചെയ്യുന്ന രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | ജൂലൈ - ഫെബ്രുവരി | ക്ലാസ് ടീച്ചർ, എസ്.ആർ.ജി., പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| **<u>പ്രവർത്തനം 26</u>**<br>**<u>ക്ലബ്ബ് പ്രവർത്തനങ്ങൾ</u>**<br>നേടിയ അറിവ് പ്രയോഗിക്കാനും പ്രബലപ്പെടുത്താനും വ്യക്തിവികാസവും മൂല്യബോധവും വർധിപ്പിക്കാനും | ശാസ്ത്ര, സാമൂഹ്യ, ഗണിത, കൃഷി, ഭാഷാ ക്ലബ്ബുകൾ രൂപീകരിക്കൽ, ക്ലബ്ബുകളുടെ പ്രദർശനബോർഡുകൾ തയ്യാറാക്കൽ ക്ലബ്ബ് പ്രവർത്തനങ്ങൾ പഠനനേട്ടങ്ങളുമായി ബന്ധപ്പെടുത്തൽ. ക്ലബ്ബ് പ്രവർത്തനങ്ങൾ സമൂഹവുമായി ബന്ധിപ്പിക്കൽ | ജൂൺ - മാർച്ച് | ക്ലാസ്ടീച്ചർ, എസ്.ആർ.ജി, പി.ടി.എ. |
| **<u>പ്രവർത്തനം 27</u>**<br>**<u>ദിനാചരണങ്ങൾ</u>**<br>ഉപമേഖല: അറിവു സമ്പാദനം ദിനാചരണങ്ങളുമായി ആഴത്തിലുള്ള അറിവ് നേടുന്നതിനും സ്വജീവിതത്തിൽ നല്ല കാര്യങ്ങൾ പകർത്തുന്നതിനും | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വാർഷിക പദ്ധതി തയ്യാറാക്കുക, ദിനാചരണങ്ങളെ പഠനവുമായി ബന്ധപ്പെടുത്തുക, ക്ലബ്ബുകൾക്ക് ചുമതലകൾ വിഭജിച്ച് നൽകൽ, രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ | ജൂൺ-മാർച്ച് | ക്ലാസ്ടീച്ചർ, എസ്.ആർ.ജി, പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • ക്ലബ്ബ് പ്രവർത്തനങ്ങളുടെ ശാക്തീകരണം | • വിവിധ ശാസ്ത്ര ഭാഷാ വിദ്യാരംഗം കലാ സാഹിത്യവേദി ക്ലബ്ബുകളുടെ വാർഷിക പദ്ധതി രൂപീകരണം | അവധിക്കാലം | അധ്യാപകർ |
| • പഠനോപകരണങ്ങൾ/പരീക്ഷണങ്ങൾ/ഫീൽഡ് ട്രിപ്പുകൾ എന്നിവയിലൂടെ പഠന മികവ് ഉറപ്പാക്കൽ | • ടി.ബി.എച്ച്.ബി എന്നിവ കൃത്യമായി പഠിച്ച് അക്കാദമിക വർഷം പഠനപ്രവഫലവത്താ ക്കാനുള്ള പഠനോപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ<br>• പരിക്ഷണങ്ങൾ പരീക്ഷണം നടത്താൻ ആവശ്യമായ സാമഗ്രികൾ ലിസ്റ്റ് ചെയ്യൽ<br>• നിരീക്ഷണത്തിനാവശ്യമായ ഫീൽഡ് ട്രിപ്പ് ക്ലാസ് തലത്തിൽ ആസൂത്രണം ചെയ്യൽ<br>• പഠനപ്രവർത്തനങ്ങൾ കാര്യക്ഷമമായ ഐ.സി.ടി സാധ്യതകൾ ലിസ്റ്റ് ചെയ്യൽ തയ്യാറാക്കൽ | അവധിക്കാലം | അധ്യാപകർ |
| • വാർഷിക പദ്ധതി രൂപീകരിച്ച് പഠന നേട്ടങ്ങളും പഠനസമയവും ഉറപ്പാക്കൽ | • അക്കാദമിക വർഷത്തിൽ നടപ്പാക്കേണ്ട അസംബ്ലി, എസ്.എസി യോഗം, സി.പി. ടി.എ മീറ്റിംഗ്, എസ്.ആർ.ജി,<br>• ബാലസഭ, ദിനാചരണങ്ങൾ, മേളകൾ, ആഘോഷങ്ങൾ, അക്കാദമിക മാസ്റ്റർപ്ലാൻ പ്രവർത്തനങ്ങൾ എന്നിവയുടെ തിയ്യതി, പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി വാർഷിക കലണ്ടർ രൂപീകരിക്കൽ | മെയ് 2025/2026 അവസാനം വരെ | അധ്യാപകർ |

പ്രവർത്തനം: കലാ കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| * കലാ കായിക പ്രവൃത്തിപരിചയ മേഖലകളിൽ കഴിവുകൾ വികസിപ്പിക്കുന്നതിന് | * കഴിവിന്റെ മേഖലകളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. (സംഗീതം, ചിത്രരചന, അഭിനയം, കഥാ, കവിത രചന, നിർമ്മാണ പ്രവർത്തനങ്ങൾ, സ്പോർട്സ് ആന്റ് ഗെയിംസ്)<br>* കുട്ടികളുടെ താൽപര്യമേഖലകൾ കണ്ടെത്തി തരംതിരിക്കുന്നു.<br>* സ്കൂൾ തലത്തിൽ ക്രോഡീകരിക്കുന്നു.<br>* വിവിധ ഇനങ്ങൾ പരിശീലിപ്പിക്കുന്നതിന് ലിസ്റ്റ് തയ്യാറാക്കി സേവനം ലഭ്യമാക്കുക.<br>* ആവശ്യമായ ഉപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ, സമാഹരിക്കൽ<br>* സ്കൂൾ പ്രവൃത്തി പരിചയമേള<br>* പ്രദർശനം സംഘടിപ്പിക്കൽ<br>* മേളകൾ<br>* മാസ്ഡ്രിൽ<br>* എയറോബിറ്റ്സ് പരിശീലനം<br>* നാടൻ പാട്ട് പരിശീലനം<br>* തിയ്യറ്റർ പരിശീലനം<br>* ബാലസഭ | ജൂലൈ മുതൽ ഫെബ്രുവരി | ക്ലാസ്ടീച്ചർ, എസ്.ആർ.ജി, പി.ടി.എ. |

# ഉപസംഹാരം

പുതിയ സാമ്പത്തികനയങ്ങളും സ്വകാര്യവൽക്കരണവും പൊതു ഇടങ്ങളെ അപ്രസക്തമാകുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. എല്ലാ കുട്ടികൾക്കും പ്രായത്തിനനുസരിച്ചുള്ള കഴിവുകൾ നേടാനുതകുന്ന ഒരു സമഗ്ര വിദ്യാഭ്യാസ പദ്ധതിയാണ് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി. അക്കാദമിക് നിലവാരം ഉയർത്താനും മുന്യനിർണയം കാര്യക്ഷമമാക്കാനും അതുപോലെ പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനും ലക്ഷ്യമിടുന്നു. നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും നന്മയും കാത്തു സൂക്ഷിക്കുന്നതിനും കുടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.